I/94806/2022

**അഡിഷണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ നടപടി ക്രമം**
**(സാന്നിദ്ധ്യം:- പി. എസ് പ്രമോജ് ശങ്കർ ഐ ഓ എഫ് എസ്)**

വിഷയം:- മോട്ടോർ വാഹന വകുപ്പ് – വിവരാവകാശ നിയമം 2005- ഗതാഗത കമ്മീഷണറേറ്റിലെ അപ്പീൽ അധികാരിയെ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. 06.06.2012 തിയതിയിലെ എ5/12933/2005/റ്റിസി എന്ന ഉത്തരവ്
2. എ5/88/2022-റ്റിസി എന്ന 13.07.2022 തിയതിയിലെ ഉത്തരവ്
3. 01.10.2022 തിയതിയിലെ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ സമർപ്പണം

**ഉത്തരവ് നമ്പർ. എ5/88/2022-റ്റിസി തീയതി 29-10-2022**

വിവരാവകാശ നിയമം 2005ലെ സെക്ഷൻ 5 പ്രകാരം ഗതാഗത കമ്മീഷണറേറ്റിലെ അപ്പീൽ അധികാരിയായി" ജോയിൻറ്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോർസ്മെന്റ്) " നെ നിശ്ചയിച്ച് ഉത്തരവാകുന്നു. പരാമർശം ഉത്തരവുകൾ മേൽ ഭേദഗതികളോട് കൂടി നിലനിൽക്കുന്നതാണ്.

വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്ന ഫയലുകളിൽ അപേക്ഷകന് വിവരം ലഭ്യമാക്കുന്നതിലേക്ക് ആവശ്യമായ വിവരങ്ങൾ വിവരാവകാശ നിയമത്തിലെ 5(4) വകുപ്പ് പ്രകാരം സംസ്ഥാന പൊതു വിവരാവകാശ ഓഫീസർ ആവശ്യപ്പെടുന്ന പക്ഷം ആയതിൽ ആവശ്യപ്പെട്ട വിവരങ്ങൾ ബന്ധപ്പെട്ട സെക്ഷനുകൾ പരമാവധി 5 ദിവസത്തിനുള്ളിൽ സംസ്ഥാന പൊതു വിവരാവകാശ ഓഫീസർക്ക് ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ട്മാർ ഇത് ഉറപ്പാക്കേണ്ടതാണ്. അധിക സമയം ആവശ്യമുള്ള പക്ഷം ടി വിവരം കാലതാമസത്തിനുള്ള കാരണസഹിതം, സംസ്ഥാന പൊതു വിവരാവകാശ ഓഫീസറുടെ അനുമതി രേഖാമൂലം തേടേണ്ടതാണ്.

Signed by
Pramoj Sanker P S
Date: 29-10-2022 03:30:06

PRAMOJ SANKER P S
ADDITIONAL TRANSPORT COMMISSIONER

സ്വീകർത്താവ്,

1. ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ( എൻഫോർസ്മെന്റ്)
2. അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
3. ഗതാഗത കമ്മീഷണറേറ്റിലെ എല്ലാ നിയന്ത്രണ അധികാരികൾക്കും സെക്ഷൻ സൂപ്രണ്ട്മാർക്കും
4. സീനിയർ സൂപ്രണ്ട്, എസ് എസ് ജി സെക്ഷൻ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്)

പകർപ്പ്:-

1. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ
2. അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി എ

മോട്ടോർ വാഹന വകുപ്പ്, കേരളം

I/94806/2022